# കേരളീയ സാംസ്കാരിക-പൈതൃക ചിത്രീകരണം

# ശ്രീകുമാരൻ തമ്പിയുടെ ഗാനങ്ങളിൽ

**പ്രബന്ധസംഗ്രഹം**

കേരളത്തെയും മലയാളികളെയും മനോഹരമായി ചിത്രീകരിക്കാൻ ശ്രമിച്ച ഗാനരചയിതാവാണ് ശ്രീകുമാരൻ തമ്പി. മലയാളികളുടെ സാംസ്കാരിക പൈതൃകത്തിന്റെ ചിഹ്നങ്ങൾ ദേശങ്ങളായോ സംഗീതമായോ നൃത്തമായോ ഉത്സവങ്ങളായോ അദ്ദേഹത്തിന്റെ ഗാനങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. കേരളീയ ക്ലാസിക് കലകളോടുള്ള വ്യക്തമായ അഭിനിവേശവും താത്പര്യവും അവയിൽ കണ്ടെത്താം. കഥകളിയും വഞ്ചിപ്പാട്ടും കൃഷ്ണനാട്ടവും രാമനാട്ടവും കാവടിയാട്ടവും വൈക്കത്തഷ്ടമിയും അമ്പലപ്പുഴ വേലയും, ഹരിപ്പാട് ഉത്സവവും കാർത്തിക വിളക്കും ആറന്മുള വള്ളംകളിയും ആ ഗാനങ്ങളിലെ മുഖ്യവിഷയങ്ങളാണ്. കേരള പ്രകൃതിയും ഋതുഭേദങ്ങളും തന്റെ ഗാനങ്ങളിലേയ്ക്ക് ആവാഹിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ ഞാറ്റുവേലകളും നക്ഷത്ര-വസന്തങ്ങളും ഹേമന്തവും ചന്ദ്രികയും അതിൽ നിറഞ്ഞ് നിൽക്കുന്നു. മലയാളികളുടെ സാസംകാരിക പൈതൃക ചിത്രീകരണത്താൽ ആസ്വാദകന്റെ ഹൃദയത്തിൽ പുതിയ അനുഭവലോകം സൃഷ്ടിച്ച കാലാനുവർത്തികളായ ഈ ഗാനങ്ങളുടെ അവലോകനമാണ് ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**താക്കോൽ വാക്കുകൾ**

ചാലകമ്പോളം, തങ്കമയിൽപ്പീലിയാട്ടം, തകിലുമേളം, വെള്ളിക്കൽപ്പടവ്, ശ്രീവേലികൾ, ഭരണിയുത്സപം, നഭസ്സ്, ശാക്തേയം.

**ആമുഖം**

ഗാനരചയിതാവ്, സംവിധായകൻ, തിരക്കഥാകൃത്ത്, നിർമ്മിതാവ്, സംഗീതസംവിധായകൻ, നോവലിസ്റ്റ് എന്നിങ്ങനെ വിവിധനിലകളിൽ പ്രശസ്തനായ വ്യക്തിത്വമാണ് ശ്രീകുമാരൻ തമ്പി. എന്നിരുന്നാലും അദ്ദേഹത്തിന്റെ ഗാനരചയിതാവിനെയാണ് ജനങ്ങൾ കൂടുതൽ അംഗീകരിച്ചത്. എക്കാലത്തും മലയാളികളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച മേഖലകളാണ് മലയാള സിനിമയും അതിലെ ഗാനങ്ങളും. നമ്മുടെ ജീവിതസന്ദർഭങ്ങളെ ഇത്രയും യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിക്കാൻ വേറൊരു മാധ്യമത്തിനും സാധിച്ചിട്ടില്ല. മലയാളസിനിമ ഗാനരചനാരംഗത്ത് തന്റേതായ

വ്യക്തിമുദ്രപതിപ്പിച്ച വ്യക്തിയായി നമ്മുക്ക് ശ്രീകുമാരൻ തമ്പിയെ പ്രകീർത്തിക്കാവുന്നതാണ്. മലയാളത്തിനും മലയാള മണ്ണിന്റെ സ്പർശമുള്ള അദ്ദേഹത്തിന്റെ ഗാനങ്ങൾ മലയാളികളുടെ മനസ്സിൽ പെട്ടെന്ന് ഇടം നേടുകയുണ്ടായി.

ശ്രീകുമാരൻ തമ്പിയുടെ ഗാനങ്ങളിൽ മലയാളികളെ ഏറെ സ്വാധീനിച്ച വസ്തുതയാണ് അതിലെ കേരളീയ സാംസ്കാരിക ചിത്രീകരണം. വയലാർ, പി.ഭാസ്കരൻ എന്നിവരിൽ നിന്നെല്ലാം വ്യത്യസ്തമായൊരു ശൈലിയാണ് മലയാണ്മയുടെ സാംസ്കാരിക ചിത്രീകരണത്തിന് അദ്ദേഹം സ്വീകരിക്കുന്നത്. കേരളീയ സംസ്കാരത്തിലെ ക്ഷേത്രകലകളുടേയും ഉത്സവത്തിന്റേയും രാജവംശങ്ങളുടേയും ചിത്രീകരണം മാത്രമല്ല മലയാള സാഹിത്യകഥാപാത്രങ്ങൾവരെ ആ ഗാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. പ്രണയ-പ്രകൃതി ചിത്രീകരണങ്ങൾക്കിടയിൽ അമ്പലപ്പുഴ ആറാട്ടും വൈക്കത്തഷ്ടമിയും ചെട്ടികുളങ്ങര ഭഗവതി ഉത്സവവും അവയിൽ നിറഞ്ഞു നിൽക്കുന്നു. ചലച്ചിത്രത്തിൽ, ചിലപ്പോൾ വ്യത്യസ്ത സാഹചര്യങ്ങൾ ആണെങ്കിൽക്കൂടി അവയ്ക്കനുഗുണമായി ഈ സാംസ്കാരിക പൈതൃകങ്ങളെ ഗാനങ്ങളിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ സ്ഥല നാമങ്ങൾക്കു നൽകുന്ന പ്രാധാന്യമാണ് എടുത്തു പറയേണ്ട മറ്റൊരു പ്രത്യേകത. ഹരിപ്പാടും, ചെട്ടികുളങ്ങരയും ചാലകമ്പോളവും ചെറുകുന്നമെല്ലാം ആ ഗാനങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. മലയാളികളുടെ ആഘോഷങ്ങളായ വിഷുവും തിരുവാതിരയും ഓണവും കർഷകരുടെ കന്നുപൂട്ടലും കാർഷികവൃത്തിയും ക്ഷേത്രോത്സവങ്ങളും ആ ഗാനങ്ങളിൽ ഈണമിടുന്നു.

**വിഷയാവതരണം**

'ഉത്തരാ സ്വയംവരം കഥകളി കാണുവാൻ.... (ഡെയ്ഞ്ചർ ബിസ്ക്കറ്റ് 1969) എന്ന ഗാനത്തിന് അതിലെ കഥാസന്ദർഭങ്ങളുമായി യാതൊരു ബന്ധവും കാണുന്നില്ല. നമ്മുടെ കഥകളി കലാരൂപത്തെയും അനശ്വര കലാകാരൻമാരെയും അനുസ്മരിച്ചുകൊണ്ടാണ് നായികാ നായക പ്രണയം ഈ ഗാനത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.

"കുടമാളൂർ സൈരന്ധ്രിയായ് മാങ്കുളം ബൃഹന്ദളയായ്

ഹരിപ്പാട്ടു രാമകൃഷ്ണൻ വലലനായി

ദുര്യോധന വേഷമിട്ടു ഗുരു ചെങ്ങന്നൂരു വന്നു

വാരണാസി തൻ ചെണ്ട ഉണർന്നുയർന്നു

ആയിരം സങ്കല്പങ്ങൾ തേരുകൾ തീർത്ത രാവിൽ

അർജ്ജുനനായ് ഞാൻ അവൾ ഉത്തരയായ്..."

എന്നിങ്ങനെ ഉത്തരാസ്വയംവരം കഥകളി അരങ്ങിൽ അനശ്വരമാക്കിത്തീർത്ത പള്ളിപ്പുറം ഗോരാലൻനായർ, ചെന്നിത്തല ചെല്ലപ്പൻപിള്ള, ഹരിപ്പാട് രാമകൃഷ്ണപിള്ള, ഗുരു ചെങ്ങന്നൂർ രാമൻപിള്ള, അമ്പലപ്പുഴ രാമവർമ്മ, ചെങ്കുളം വിഷ്ണു നമ്പൂതിരി, മാങ്കൊമ്പ് ശിവശങ്കരപ്പിള്ള തുടങ്ങിയ കഥകളി നടൻമാരെ ഈ ഗാനത്തിൽ അനുസ്മരിക്കുന്നു. ഇവർ നടിച്ചാലുളവാകുന്ന ആസ്വാദന സങ്കല്പമാണ് കവി ഇവിടെ പകർന്നു നൽകുന്നത്. അതോടൊപ്പം തന്നെ പ്രണയതീവ്രമായ ആ ഗാനരംഗത്ത് 'അർജ്ജുനനായ് ഞാൻ അവൾ ഉത്തരയായി, അതു കഴിഞ്ഞാട്ടവിളക്കണഞ്ഞുപോയി, എത്രയെത്ര അജ്ഞാതവാസമിന്നും തുടരുന്നു.....' എന്ന വരികൾ കാമുക ഹൃദയത്തിലെ പ്രണതീഷ്ണത വർണിക്കാൻ പര്യാപ്തമാണ്.

കേരളത്തിലെ ഉത്സവപറമ്പിലെ അതിസുന്ദരങ്ങളായ കാഴ്ചകളാണ് 'ആറാട്ടിനാനകൾ എഴുന്നള്ളി....' (ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു. 1973) എന്ന ഗാനത്തിൽ ആവിഷ്കരിക്കുന്നത്. സായാഹ്നത്തിൽ അമ്പലത്തിലെ ദീപങ്ങളുടേയും ഉത്സവതിമിർപ്പുകൾക്കിടയിലും കാണുന്ന കാമുകിയുടെ സുന്ദരമായ മുഖമാണ് ഈ പാട്ടിലെ ഇതിവൃത്തം. പാട്ട് മുഴുവൻ കേരളീയ ഗ്രാമീണ ചിത്രങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. ആയിരത്തിരിവിളക്കും ആൽച്ചുവടും വെള്ളിക്കൽപ്പടവും നിറഞ്ഞുനിന്ന് തനിഗ്രാമീണതയുടെ ഹൃദ്യാനുഭൂതി പകർന്നു നൽകുന്നു. 'ഭൂമിയിലെ ദേവസംഗമം' എന്നറിയപ്പെടുന്ന ആറാട്ടുപുഴ പൂരത്തിന് അണിനിരക്കുന്ന ആനക്കാഴ്ച മലയാളികൾക്ക് എത്ര കണ്ടാലും മതിവരാത്ത ഒന്നാണ്. ഈ ഗാനത്തിലെ "അമ്പലപ്പുഴക്കാർ തൻ നാദസ്വരലഹരി അലമാല തീർത്തത്...." എന്നത് കേരളത്തിലെ മറ്റൊരു കലാപാരമ്പര്യം സൂചിപ്പിക്കുന്നു. ഈ ഗാനത്തിന് നാദസ്വരം വായിച്ചത് 'അമ്പലപ്പുഴ ബ്രദേഴ്സ്' എന്നറിയപ്പെടുന്ന അമ്പലപ്പുഴ ഗോപാലപ്പണിക്കരും അമ്പലപ്പുഴ രാമപ്പണിക്കരുമാണ്. ഇത്തരത്തിൽ മലയാളമണ്ണിൽ കീർത്തി അധികം കേൾക്കാതെ പോയ കലാകാരന്മാരുടെ അനുസ്മരണവും തെളിമയാർന്ന ഈശ്വരഭക്തിയും ശ്രീകുമാരൻ തമ്പിയുടെ ഗാനങ്ങളുടെ മാറ്റുരയ്ക്കുന്നതാണ്.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ ചെട്ടികുളങ്ങര എന്ന ദേശത്തിലെ പ്രസിദ്ധമായ ദേവീക്ഷേത്രത്തെയും ഭരണിയുത്സവത്തെയും അനുസ്മരിച്ചുകൊണ്ടെഴുതിയ ഗാനമാണ് 'ചെട്ടികുളങ്ങര ഭരണി നാളിൽ...' (സിന്ദു, 1975) എന്ന ഗാനം. ഉത്സവത്തിന്റെ തിരക്കിനിടയിൽ കണ്ടുമുട്ടിയ നായികയും അവളുമായുള്ള പ്രണയ കലഹവുമെല്ലാം ഉത്സവപശ്ചാത്തലത്തിൽ ഇതിൽ ചിത്രീകരിക്കുന്നു. 'അച്ചൻകോവിലാറ്റിൽ...." (അനാഥശില്പങ്ങൾ, 1971) അച്ചൻ കോവിലിന്റെ പ്രകൃതി രമണീയത ദൃശ്യവത്കരിക്കുന്നു. ആറ്റിലെ കൊച്ചോളങ്ങളും അക്കരെയുള്ള കാട്ടിലെ തേൻകുടവും പൂവുകളും വാഴക്കുലകൾ എന്നിങ്ങനെയുള്ള പ്രകൃതിവർണ്ണനകൾക്കിടയിൽ തന്റെ ഹൃദയത്തിൽ കാമുകിയോടുള്ള പ്രണയവും

'രാഗമേഘത്തോണി നീന്തും നിൻ മിഴി താഴെ

ഉത്സവമായി ഹർഷ വത്സരമായി

മൽസഖി നീയെൻ ജീവദർപ്പണമായി....'

എന്ന വരികളിലൂടെ വ്യക്തമാക്കുന്നത്.

ശ്രീകുമാരൻതമ്പിയുടെ മറ്റൊരു ശ്രദ്ധേയമായ ഗാനമാണ് 'വൈക്കത്തഷ്ടമിനാളിൽ...' (ഭാര്യമാർ സൂക്ഷിക്കുക, 1968) എന്നത്. കവിയുടെ ഭാര്യയുമായുള്ള പ്രണയനിമിഷങ്ങളാണ് ഈ ഗാനത്തിനു പ്രചോദനമായിത്തീർന്നതെന്ന് ഗാനരചയിതാവ് പിൽക്കാലത്ത് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആറ്റിൽ നീന്തിക്കയറാൻ താറുടുത്തു വന്ന നായകന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട നായികയെ ഇവിടെ ഭാരതേതിഹാസകഥയിലെ സത്യവതിയോട് സാദൃശ്യപ്പെടുത്തുന്നു. സത്യവതി ഹസ്തിനപുരിയിലെ മൂന്നു തലമുറയയിലെ രാജമാതാവായി വാണതുപോലെ നായികയെയും തന്റെ ഗൃഹത്തിലെ ഭാര്യാപദവിസ്ഥാനം അലങ്കരിക്കുമെന്ന ദ്വയാർത്ഥവും ഈ പരാമർശത്തിലുണ്ട്. ഇവിടെ നായികയുടെ സൗന്ദര്യവും നായകനു നായികയോടു തോന്നിയ പ്രണയവും വ്യക്തമാക്കാൻ സത്യവതികഥ പര്യാപ്തമാണ്. പരാശരമഹർഷിയ്ക്കു മുക്കുവസ്ത്രീയായ സത്യവതിയോട് തോന്നിയ പ്രണയമാണ് ഭാരതേതിഹാസ രചിയാതാവ വ്യാസന് ജന്മം നൽകിയതെന്ന പുരാണകഥയും ഇവിടെ സൂചിതമാകുന്നുണ്ട്.

'തൈപ്പൂയക്കാവടിയാട്ടം, തങ്കമയിൽ പ്പീലിയാട്ടം..." (കണ്ണൂർഡീലക്സ്, 1969) എന്ന ഗാനത്തിൽ കേരളത്തിലെ മുരുകക്ഷേത്രങ്ങളിലെ കാവടിയാട്ടത്തിന്റെ ഓർമ്മ ഉണർത്തുന്നതാണ്. ഉത്സവാഘോഷ തിമർപ്പുകൾക്കിടയിലും കാമതാപത്താൽ ഉഴലുന്ന കാമുകഹൃദയത്തെ ഈ വരികളിൽ കാണാം. തന്റെ കാമിനിയുടെ അഴകിൽ കവി കണ്ടെത്തുന്നത് കഥകളി മുദ്രയെ വെല്ലുന്ന കടക്കൺ പ്രണയമാണ്. ഇത്തരം വർണനകൾക്കിടയിലൂടെ കേരളസംസ്കാരം പ്രതിഫലിക്കുന്ന നിരവധി ബിംബങ്ങൾ ഗാനരചയിതാവ് സ്വീകരിച്ചിരിക്കുന്നു. 'മനസിലെ അമ്പലത്തിൽ തേരോട്ടം....', 'മാര മഹോത്സവത്തിൻ തേരോട്ടം....', 'കാണുന്ന കഥകളി മുദ്രകൾ ഞാൻ കണ്ടുവല്ലോ', 'കരളിലെ മതിലകത്ത് പമ്പമേളം', 'കല്യാണപന്തലിലെ തകിലുമേളം' ഇവിടെയെല്ലാം മലയാള മണ്ണിന്റെ സംസ്കാര പ്രകൃതിയിൽ അഭിമാനം കൊള്ളുന്ന കവി ഹൃദയത്തെ കണ്ടെത്താം. 'കുത്തമ്പലത്തിൽ വെച്ചാ...' (അപ്പു, 1990) എന്ന ഗാനത്തിലും ഹൃദ്യമായ കേരളീയ സംസ്കാരവർണന കാണാവുന്നതാണ്.

"കുറുമൊഴി കുന്നിൽ വച്ചോ

കുളപ്പുഴക്കല്ലിൽ വച്ചോ

ഊട്ടുപുരയ്ക്കുള്ളിൽ വച്ചോ"

"പൂമാലക്കാവിലെ പൂരവിളക്കുകൾ നിൻ

തിരുമുഖം കണ്ടു കൊതിച്ചു."

"ചേലൊത്ത കൈകളാൽ ഓട്ടുകൈവട്ടകയിൽ

പായസം കൊണ്ടുവന്നപ്പോൾ"

എന്നിങ്ങനെ ദീപാരാധന നേരം ക്ഷേത്രപരിസരത്തു വച്ചു കണ്ടുമുട്ടുന്ന നായികയുമായുള്ള പ്രണയസമാഗമം വിവരിക്കുന്നതിനോടൊപ്പം തനി കേരളീയമായ അന്തരീക്ഷം കൂടി സൃഷ്ടിക്കുന്നു.

വടക്കുംനാഥ ക്ഷേത്രപശ്ചാത്തലത്തിൽ നായികമായുള്ള സമാഗമം വർണിക്കുന്നതാണ് തൂവാനത്തുമ്പികൾ (1987) എന്ന സിനിമയിലെ 'ഒന്നാം രാഗം പാടി...' എന്ന ഗാനം. സായാഹ്നത്തിലെ ക്ഷേത്രകാഴ്ചകളുടെ വർണനകൾ കൊണ്ട് ഹൃദ്യമാണീ ഗാനം. പ്രദക്ഷിണ വീഥികളിലെ ഇടറിവീണ പാതകളിൽ തീർത്ത ഹൃദയസംഗമവും, ശീവേലികൾ ഒരുമിച്ചു തൊഴുതതും, കൺമുനകൾ കോർത്ത് സങ്കല്പത്തിൽ നടത്തിയ അർച്ചനാപൂജകളും, മൗനത്താൽ ഹൃദയം പാടിത്തീർത്ത കീർത്തനങ്ങളും, നായികാ നായകന്റെ എല്ലാ പ്രണയസംഗമങ്ങൾക്കും സാക്ഷിയായി ഗോപുരവാതിലുമെല്ലാം മലയാളിയുടെ മനസ്സിൽ എക്കാലവും നിറഞ്ഞുനിൽക്കുന്ന വർണനകളാണ്.

കാവാലം ഗ്രാമത്തിന്റെ പെരുമ വർണിച്ചുകൊണ്ടെഴുതിയ ഗാനമാണ് കാവാലം ചുണ്ടൻവള്ളം അണിഞ്ഞൊരുങ്ങി (സിംഹാസനം 1979) എന്ന ഗാനം കാവാലം നാരായണപ്പണിക്കരെപ്പോലെ അനുഗ്രഹീത കലാകാരന്മാരുടെ നാട് മാത്രമായിരുന്നില്ല കാവാലം. മണ്ണിനോടും വെള്ളത്തോടും മല്ലടിച്ച ശക്തരായ വള്ളംകളിക്കാരുടെ നാട്ടുകൂടിയായിരുന്നു അത്. വള്ളംകളിയുടെ ആദ്യകാലം മുതൽക്കേ ഏതൊരു എതിരാളിക്കും പോരാളിയായിരുന്നു കാവാലം ചുണ്ടൻവള്ളം. വള്ളംകളി എന്നും നെഞ്ചിൽകൊണ്ടു നടന്ന ശ്രീകുമാരൻ തമ്പിയുടെ 'കാവാലം ചുണ്ടൻ വള്ളം അണിഞ്ഞൊരുങ്ങി....' എന്ന ഗാനം മലയാളിയുടെ ഹൃദയം കീഴടക്കിയ ഗാനമാണ്. തന്റെ കാമുകിയെ വള്ളംകളി കാണാൻ കൂട്ടുവിളിക്കുന്നതായിട്ടാണ് ഈ ഗാനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. മുല്ലയ്ക്കൽ പൂജിച്ച മാലയും ചാർത്തി മുത്തുമണി പളുങ്കും ചിതറിയുള്ള കാവാലം ചുണ്ടൻവള്ളത്തിന്റെ പ്രൗഢിയിലുള്ള വരവാണ് ഈ ഗാനത്തിന്റെ മുഖ്യ വിഷയം.

കർണാടക സംഗീതശാഖയ്ക്കു കേരളത്തിന്റെ മഹത്തായ സംഭാവനയായ തിരുവിതാംകൂർരാജാവ് സ്വാതിതിരുനാളിനെ അനുസ്മരിച്ചുകൊണ്ടെഴുതിയ ഗാനമാണ് 'സ്വാതിതിരുനാളിൻ കാമിനി...' (സപ്തസ്വരങ്ങൾ, 1974) സ്വാതിതിരുനാളിന്റെ കാമിനിയായും, ത്യാഗരാജസ്വാമിയും മുത്തുസ്വാമിദീക്ഷിതരും തപസ്സുചെയ്തുണർത്തിയ സപ്തസ്വരവാഹിനിയായും കർണാടക സംഗീതത്തെ വാഴ്ത്തുന്നു. പുരന്ദരദാസന്റെ പുണ്യചിന്തയിൽ പുഷ്പോത്സവങ്ങൾ വിടർത്തിയതും ഭക്തമീരയുടെ ഭാവനായമുനയിൽ മുദ്ര കല്ലോലമുയർത്തിയ രഞ്ജിനിയും രാഗിണിയുമായി സംഗീതത്തെ കാണുന്നു.

കേരളീയ ഭക്ഷ്യസംസ്കാരവും തനിനാടൻ ഭക്ഷണക്രമങ്ങളും ശ്രീകുമാരൻതമ്പിയുടെ ഗാനങ്ങളിൽ കാണാവുന്നതാണ്. അതിന് ഉദാഹരണമാണ് 'അയല വറുത്തതുണ്ട് കരിമീൻ പൊരിച്ചതുണ്ട്...' (വേനലിൽ ഒരുമഴ, 1979) എന്ന ഗാനം. കൊടംപുളിയിട്ടുവച്ച ചെമ്മീൻ കറിയും ഉപ്പിലിട്ട മാങ്ങയും, വെണ്ടയ്ക്കാ സാമ്പാറും അവിയൽ, പടവലങ്ങാ-മത്തങ്ങാ പച്ചടി, കുമ്പളങ്ങാ കിച്ചടി, മാമ്പഴപ്പുളിശ്ശേരി, ചുക്കുവെള്ളം തുടങ്ങിയ ഉച്ചയൂണ് വിഭവങ്ങളെല്ലാം നമ്മുടെ മനസ്സിന്റെ തീൻ മേശയിൽ കവി നിരത്തി വയ്ക്കുന്നു.

മലയാള ഭാഷയെയും കേരളത്തെയും വാഴ്ത്തുന്നവയാണ് ശ്രീകുമാരൻ തമ്പിയുടെ ഗാനങ്ങൾ . 'മലയാള ഭാഷതൻ മാദക ഭംഗിതൻ.....' (പ്രേതങ്ങളുടെ താഴ്‌വര, 1973) കേരളം കേളികൊട്ട് ഉയരുന്ന.... (മിനിമോൾ, 1977) തുടങ്ങിയ ഗാനങ്ങൾ അതിന് ഉദാഹരണമാണ്. ഗാനത്തിലെ നായികയുടെ മന്ദഹാസത്തിന് മലയാളഭാഷയുടെ മാദകഭംഗിയാണ് കണ്ടെത്തുന്നത്. കിളികൊഞ്ചുന്ന ഭാഷയിൽ കവിത രചിക്കുന്ന തുഞ്ചത്തെഴുത്തച്ഛന്റെ നാടിന്റെ ഗ്രാമീണശൈലികളും, മലയാളിപ്പെണ്ണിന്റെ വേഷവിധാനങ്ങളും, ഗ്രാമീണ ഭംഗിയും നായകനിൽ സന്തോഷത്തിന്റെ വസന്തം തീർക്കുന്നു. 'കേരളം കേരളം കേളികൊട്ട് ഉയരുന്ന കേരളം...' എന്ന ഗാനത്തിലാകട്ടെ-

'കേളീ കദംബം പൂക്കും കേരളം

കേരകേളീ സദനമാം എൻ കേരളം'

'പൂവണി പൊന്നും ചിങ്ങപ്പൂവിളി കേട്ടുണരും...

പുന്നെല്ലിൻ പാടത്തിലൂടെ...'

'മാവേലിമന്നന്റെ മാണിക്യത്തേരുവരും

മാനസപ്പൂക്കളങ്ങളാട്ടം.... ആട്ടം.'

എന്നിങ്ങനെയെല്ലാം മലയാളികളുടെ ദേശീയോത്സവമായ ഓണത്തിന്റെ താളമേളങ്ങളെല്ലാം ഈ പാട്ടിൽ ഉൾച്ചേർത്തിരിക്കുന്നു.

പൊന്നിൻ ചിങ്ങത്തിലെ തിരുവോണമാഹാത്മ്യത്തെ വർണിക്കുന്ന ഗാനമാണ് 'തിരുവോണപ്പുലരിതൻ...' (തിരുവോണം: 1975) എന്നത്. തിരുവോണപ്പുലരിയിലെ തിരുമുൽക്കാഴ്ച വാങ്ങാൻ തിരുമുറ്റം അണിഞ്ഞൊരുങ്ങിയതായും മാവേലിത്തമ്പുരാനെ വരവേൽക്കാൻ മലയാളിഹൃദയങ്ങൾ തയ്യാറെടുക്കുന്നതായും കവി വർണിക്കുന്നു. ഓണത്തിന്റെ എല്ലാ പരിശുദ്ധിയും ഈ ഗാനത്തിൽ കാണാം. ഉത്രാടദിവസത്തിലെ ഉച്ചവെയിലിന്റെ സൗന്ദര്യവും കൈകൊട്ടിക്കളി, ഓണവില്ലുപാട്ട് തുടങ്ങിയ ഓണക്കളികളും ഇതിന്റെ അനുപല്ലവിയിൽ അനുസ്മരിക്കുന്നു.

"ഉത്രാടപ്പൂക്കുന്നിന്നുച്ചിയിൽ പൊൻവെയിൽ

ഇത്തിരിപ്പൊന്നുരുക്കി ഇത്തിരിപ്പൊന്നുരുക്കി

കോടിമുണ്ടുടുത്തും കൊണ്ടോടി നടക്കുന്നു

കോമള ബാലനാം ഓണക്കിളി...'

എന്നിങ്ങനെയുള്ള വരികൾ, എക്കാലവും മലയാളികളുടെ മനസ്സിൽ ഓണത്തിന്റെ പ്രൗഢിയും സൗന്ദര്യവും വിളിച്ചോതുന്നതാണ്. ഓണത്തെ പ്രകീർത്തിക്കുന്ന മറ്റൊരു ഗാനമാണ് 'പൂവിളി പൂവിളി പൊന്നോണമായി...' (വിഷുക്കണി, 1977) ഓണമെത്തുമ്പോഴുള്ള ഒരു കർഷകന്റെ ആനന്ദമാണ് ഈ പാട്ടിൽ നിറഞ്ഞു നിൽക്കുന്നത്. പൊന്നിൻ ചിങ്ങത്തിലെ കാറ്റത്താടുന്ന ചമ്പാവിൻ പാടം ഇന്നുതൊട്ടു കൊയ്തുതുടങ്ങാമെന്നും അത്തം, ചിത്തിര, ചോതി കഴിയുമ്പോൾ പൂമുറ്റം മുഴുവൻ പൂന്നെല്ലിൻ പൊന്മല ആയിത്തീരുമെന്നും സ്വപ്നം കാണുന്ന കർഷകനെയാണ് ഈ വരികളിൽ വിവരിക്കുന്നത്. തുമ്പപ്പൂക്കളും, നന്ത്യാർവട്ടം, തെച്ചി, ചെമ്പരത്തി എന്നിവയാൽ തിരുമുറ്റത്തെ പൂക്കളം പാടുന്ന പൂമുറ്റവുമെല്ലാം വളരെ തന്മയിത്വത്തോടെ ഇതിൽ വർണിക്കുന്നു.

ശ്രീകുമാരൻതമ്പി സ്ത്രീപക്ഷവാദിയായ കവിയായിരുന്നു എന്നതിന് തെളിവാണ് 'മലയാളിപ്പെണ്ണേ നിന്റെ മനസ്സ്...' (ബന്ധുക്കൾ ശത്രുക്കൾ. 1993) എന്ന ഗാനം മലയാളി സ്ത്രീയുടെ ബുദ്ധിസാമർത്ഥ്യത്തെയും കാരുണ്യശീലത്തെയും ക്ഷമയേയും ഈ ഗാനത്തിൽ വാഴ്ത്തുന്നു. വസന്തോദയത്തിൽ സന്തോഷത്താലും, ഗ്രീഷ്മതാപത്തിൽ ഉരുകി ഒലിക്കുമ്പോഴും, പെയ്തൊഴിയുന്ന വർഷസംഘർഷത്തിലും സ്ത്രീ എന്നും സമാനമായ ശാന്തഭാവം പുലർത്തുന്നു. അവളുടെ മനസ്സ് മേഖത്തിര നീന്തുന്ന നഭസ്സ് പോലെ വിശാലവും അവളുടെ ശക്തിയെന്നത് ശാക്തേയസാരം നിറഞ്ഞതുമാണെന്ന് കവി വാഴ്ത്തുന്നു. ഗുരുവായൂരപ്പൻ

ആർദ്രചിത്തനായ കുറൂരമ്മയുടെ ഭക്തിയും മാർത്താണ്ഡവർമ്മയുടെ അധികാരമേൽക്കോയ്മക്കു മുമ്പിൽ അടിയറവു പറയാത്ത വേണാട്ടു തായ്‌വഴിയായ ഇളയിടത്തു സ്വരൂപത്തിലെ റാണിയുടെ അഭിമാനബോധവും ഈ ഗാനത്തിൽ അനുസ്മരിക്കുന്നുണ്ട്. മലയാള നോവലിലെ രണ്ടു ശക്തമായ സ്ത്രീകഥാപാത്രങ്ങളായ കലിംഗസാമ്രാജ്യത്തിലെ മകളായ കുന്ദലതയുടെ ധൈര്യവും ഇന്ദുലേഖയുടെ നർമബോധവും ഇവിടെ പരാമർശിക്കുന്നുണ്ട്. ഇതേ സിനിമയിലെ തന്നെ 'ആലപ്പുഴ പട്ടണത്തിൽ അധിമധുരം...' എന്ന ഗാനത്തിൽ നായികയുടെ മാദകസൗന്ദര്യത്തെ വർണിക്കുന്നത് ആലപ്പുഴപ്പട്ടണത്തിന്റെ ദൃശ്യഭംഗിയിലൂടെയാണ്. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ ഒൻപതാം ഉത്സവത്തിന്റെ മാഹാത്മ്യം ഹരിപ്പാട് ആറാട്ട് സമയത്ത് ആനക്കൊട്ടിലിൽ കണ്ട നായികയുടെ സൗന്ദര്യവുമെല്ലാം തനി നാടൻഭാഷയിൽ ഇവിടെ വിവരിക്കുന്നു. അമ്പലത്തിൽ നായികയ്ക്കു കൺമഷിയും കുപ്പിവളയും ചാന്തും വാങ്ങിയപ്പോൾ കയ്യിലെ ചില്ലറകൾ തീർന്നുപോയതുമെല്ലാം ഗൃഹാതുര സ്മരണ ഉണർത്തുന്ന വർണനകളാണ്.

ശ്രീകുമാരൻതമ്പിയുടെ പ്രണയാതുരമായ മറ്റു ഗാനങ്ങളിലെയും കേരള പ്രകൃതി പശ്ചാത്തലവർണനകളും ഹൃദ്യമാണ്. 'പാട്ടിൽ പാടിവന്ന നദിയും കുളിരും പാരിജാതമലരും', 'ഇലഞ്ഞിപ്പൂമണം ഒഴുകിവന്ന് ഇന്ദ്രിയങ്ങൾ പകർന്ന് കൊടുത്തതും', 'ഏഴിലം പാല പൂത്തപ്പോൾ പൂമരങ്ങൾ കുട പിടിച്ചതും', 'ഗോപീചന്ദനക്കുറിയണിഞ്ഞ് ഗോമതിയായി മുന്നിൽ വന്നവളും', 'കുയിലിന്റെ മണിനാദവും', 'ചന്ദ്രികയിലലിയുന്ന ചന്ദ്രകാന്ത'വുമെല്ലാം മലയാളികളുടെ ഹൃദയത്തിൽ കടന്നുകയറിയ പ്രകൃതി വർണനകളാണ്. 'ചുംബനതൈകൾ പൂത്ത മാനത്തെ പൊന്നമ്പിളി ചുംബനം പൂത്ത മാനത്തെ പൊന്നമ്പിളി ചുംബനം കൊള്ളാനൊരുങ്ങിയതും', 'മധുര പകർന്ന് തിരുവാഭരണം ചാർത്തി വിടർന്ന തിരുവാതിര നക്ഷത്രവും, 'നാട്ടുമാവിന്റെ ചുവട്ടിൽ നന്ത്യാർവട്ടപ്പൂ ചിരിച്ചതും', 'നക്ഷത്രകിന്നരൻമാർ വിരുന്നുവന്നതും', 'നവരത്ന ചിത്രവേദി ഒരുങ്ങിയതും', പായിപ്പാട്ടാറിലെ വള്ളംകളിയും' 'സന്ധ്യതൻ അമ്പലത്തിൽ കുങ്കമപ്പൂന്തറയിൽ ചന്ദനക്കാപ്പ് ചാർത്തി അമ്പിളീ ദേവിയായ്' എന്നീ ഗാനങ്ങളിലെ കേരളീയ പ്രകൃതി വർണനകൾ ആസ്വാദകരുടെ മനസ്സിൽ എക്കാലവും നിറഞ്ഞു നിൽക്കുന്ന സാംസ്കാരിക ചിത്രീകരണങ്ങളാണ്.

കഴിഞ്ഞ അറുപതുവർഷങ്ങളിലായി മലയാളികളുടെ ഗ്രാമീണ കാഴ്ചകളും സാംസ്കാരിക പൈതൃകങ്ങളും നാടോടി സംസ്കാരങ്ങളും വ്യത്യസ്തമായ കാവ്യബിംബങ്ങളിലൂടെ കൈരളിയുടെ ചലച്ചിത്രഗാനശാഖയ്ക്കു കാഴ്ചവയ്ക്കാൻ ശ്രീകുമാരൻ തമ്പിയ്ക്കു സാധിച്ചു. മറ്റുള്ള ഗാനരചയിതാക്കളെക്കാൾ ഇദ്ദേഹത്തെ കൂടുതൽ നെഞ്ചിലേറ്റി നടന്നതിന്റെ രഹസ്യവും ആ ഗാനങ്ങളിലെ കേരളീയ സംസ്കൃതി ബിംബങ്ങൾ തന്നെയാകുന്നു.

**കുറിപ്പുകൾ**

1. ആറാട്ടുപുഴ പൂരം - കേരളത്തിൽ തൃശ്ശൂർ ജില്ലയിലെ ആറാട്ടുപുഴ എന്ന ഗ്രാമത്തിൽ ആഘോഷിക്കപ്പെടുന്ന പൂരമാണ് ആറാട്ടുപുഴ പൂരം. ഈ ഉത്സവം കേരളത്തിലെ ഏറ്റവും പുരാതനമായ ക്ഷേത്രോത്സവമായി കരുതപ്പെടുന്നു. 23 ദേവീ ദേവൻമാരുടേയും മുപ്പത്തിമുക്കോടി ദേവഗണങ്ങളുടെയും സാന്നിധ്യം കൊണ്ട് പവിത്രമായ ആറാട്ടുപുഴ പൂരം വൈകുണ്ഠ ദർശനത്തിന് ഏറെ പ്രാധാന്യം കല്പിക്കുന്നു.

2. അമ്പലപ്പുഴ ബ്രദേഴ്സ്:- നാദസ്വര സംഗീതത്തിന് കേരളീയമായ ഒരു ശൈലി കണ്ടുപിടിച്ച അനശ്വര കലാകാരന്മാരാണ് അമ്പലപ്പുഴ സഹോദരൻമാരായ ശങ്കരനാരായണപ്പണിക്കരും ഗോപാലപണിക്കരും രാമപണിക്കരും. കേരളീയ ക്ഷേത്രോത്സവങ്ങളിലെ ഒഴിവാക്കാൻ പറ്റാത്ത ഘടകമായിരുന്നു അമ്പലപ്പുഴ സഹോദരൻമാരുടെ നാദസ്വര കച്ചേരി.

3. ഭരണിയുത്സവം- ചെട്ടിക്കുളങ്ങര ഭഗവതി ക്ഷേത്രം തിരുവല്ല-കായംകുളം പാതയോരത്ത് സ്ഥിതി ചെയ്യുന്നു. ശ്രീ.ആദിപരാശക്തിയുടെ സ്വരൂപമായ ശ്രീഭദ്രകാളിയാണ് മുഖപ്രതിഷ്ഠ. കുംഭമാസത്തിലെ ഭരണിനാളിൽ വിശ്വപ്രസിദ്ധമായ കെട്ടുകാഴ്ച നടത്തുന്നു. ഈ ഉത്സവം യുനസ്കോയുടെ പൈതൃകപട്ടികയിൽ ഇടംനേടിയതാണ്.

4. അച്ചൻകോവിലാർ:- പമ്പയുടെ പോഷകനദിയാണ് അച്ചൻകോവിലാർ. പശുക്കിടാമേട്, രാമക്കൽതേരി, ഋഷിമല എന്നിവിടങ്ങളിൽനിന്നും ഉദ്ഭവിക്കുന്ന നിരവധി ചെറുപുഴകൾ യോജിച്ചാണ് അച്ചൻകോവിലാറിന് രൂപം നൽകുന്നത്.

5. സത്യവതി - മഹാഭാരതത്തിലെ പ്രധാന കഥാപാത്രങ്ങളിൽ ഒരാളും ചന്ദ്രവംശത്തിലെ പ്രസിദ്ധനായ രാജാവുമായിരുന്ന ശന്തനുവിന്റെ പത്നിയുമായിരുന്നു. മുക്കുവനും ഗംഗാനദിയിലെ കടത്തുകാരനുമായിരുന്നു സത്യവതിയുടെ വളർത്തുപിതാവ്.

6. പുരന്ദരദാസൻ:- കർണാടക സംഗീതത്തിന്റെ പിതാവും പ്രശസ്ത സംഗീതജ്ഞനുമായിരുന്നു പുരന്ദരദാസൻ. കർണാടകസംഗീതത്തിന് നൽകിയ പുതുമയാർന്ന സംഭാവനകളെ മാനിച്ച് അദ്ദേഹത്തെ കർണാടക സംഗീതത്തിന്റെ പിതാവായി വാഴ്ത്തുന്നു.

7. കാവാലം ചുണ്ടൻവള്ളം :- കാവാലം ഗ്രാമത്തിലെ ഒരു പാമ്പ് വള്ളമാണ് കാവാലം ചുണ്ടൻ വള്ളം. 'കൈനകരി പുത്തൻ ചുണ്ടം' എന്നാണ് പണ്ട് കാലത്ത് ഈ വള്ളം അറിയപ്പെട്ടിരുന്നത്.

8. ശാക്തേയം:- ആദിപരാശക്തിയുടെ ആരാധനാപദ്ധതിയാണ് ശാക്തേയം. സൃഷ്ടി സ്ഥിതി സംഹാരം എന്നീ മൂന്നു രീതികളിലാണ് ശാക്തേയർ ഭഗവതിയെ ഉപവസിക്കുന്നത്. മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി എന്നിവയാണവ. മഹാകാളി- വീര്യം ആരോഗ്യം സംഹാരം, മഹാലക്ഷ്മി ഐശ്വര്യം മഹാസരസ്വതി -വിദ്യ എന്നിങ്ങനെയാണവ അറിയപ്പെടുന്നത്.

9. കുറൂരമ്മ:- ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രവുമായി ബന്ധപ്പെട്ടു കേൾക്കുന്ന ഐതിഹ്യകഥയിലെ നായികയാണ് കുറൂരമ്മ. ബാല്യത്തിലേ വൈധവ്യം ബാധിച്ച അവർക്ക് ഗുരുവായൂർ ഉണ്ണിക്കണ്ണൻ മകനായി കുട്ടിനെത്തുകയുണ്ടായി. കുറൂരമ്മയുടെ ഭക്തിയിൽ ആർദ്രചിത്തനായിത്തീർന്ന ഗുരുവായൂരപ്പൻ അവരുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെടുകയുണ്ടായി.

**ലേഖനസൂചി**

1. അരവിന്ദ് വി., 'ആ പാട്ടിലെ താരങ്ങൾ ഇവരാണ്, പ്രേംനസീറല്ല', 24 ന്യൂസ്, 19-11-2017.

2. എം.പി.എച്ച്, 'ശ്രീകുമാരൻ തമ്പി ഗാനങ്ങൾ' - സർഗസപര്യയുടെ അരനൂറ്റാണ്ട്, മലയാളികളുടെ മനസായി തേജസ്, 28-12-2018.

3. കുര്യൻ തോമസ്, കരിമ്പനത്തറയിൽ, 'പാട്ടുപാലാഴി കടഞ്ഞ എൺപത് ഗാനങ്ങൾ', മ്യൂസിക് ന്യൂസ്, 16-3-2020.

4. 'ചെട്ടിക്കുളങ്ങര ഭരണി വിവിധ കരങ്ങളിൽ ഈസ്റ്റ് കോസ്റ്റ് ഡെയ്‌ലി, 26-2-2020.

5. മനീഷ്, 'ചെട്ടിക്കുളങ്ങര ഭരണിനാളിൽ', നേറ്റീവ് നെക്, 30-3, 2017.

6. സീന സി.എം., 'ഇതിലും മനോഹരമായി എങ്ങനെ എഴുതും?- സിനിമാപ്പാട്ടിലെ ശ്രീകുമാരൻ തമ്പി വസന്തം', 16-3-2020, മനോരമ ഓൺ ലൈൻ ആപ്പ്.

രേഖ എസ്.

അസിസ്റ്റന്റ് പ്രൊഫസർ

ശ്രീനാരായണ വനിതാ കോളേജ്

കൊല്ലം